**File No.TCPCTP/2574/2019-D1**

<u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം</u>
<u>തിരുവനന്തപുരം</u>

വിഷയം:- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - വയനാട് ജില്ല വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് പൊരുന്നന്നൂർ വില്ലേജ് പ്ലൈവുഡ് നിർമ്മാണ യൂണിറ്റ് നിർമ്മാണം ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20/12/2017 ലെ എ 2-7611/2016, 17/10/2019 ലെ എ 4-6709/2016 നമ്പർ കത്തുകൾ

2. വയനാട് ടൗൺ പ്ലാനറുടെ 12.01.2018 ലെ സി/1304/17/K.Dis, 25/10/2019 ലെ TCPWYD/848/19-C നമ്പർ കത്തുകൾ

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/2574 /2019-D1 തീയതി:**27/11/2019**

---

വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പൊരുന്നന്നൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 277/5 - ൽപ്പെട്ട 0.4936 ഹെക്ടർ സ്ഥലത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന Group-I ൽ പ്പെടുന്ന പ്ലൈവുഡ് നിർമ്മാണ യൂണിറ്റിനോട് കൂട്ടിചേർത്ത് നിർമ്മിച്ച കെട്ടിട ഭാഗം ക്രമവൽക്കരിക്കുന്നതിനോടനുബന്ധിച്ച് ലേഔട്ട് അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. സന്തോഷ്.കെ, ചൈത്രം, പറശ്ശിനിക്കടവ്, കണ്ണൂരിന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെപറയുന്ന നിബന്ധനകൾ പൂർണ്ണമായും , പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ.1999-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത , സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ,ആക്സസ് വീതി, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ 2011-നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/ നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം അനുബന്ധ

സർക്കാർ സർക്കുലറുകൾ 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്നപക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം

7. പരാമർശിത നിർമ്മാണത്തിനാവശ്യമായ മഴവെള്ള സംഭരണി , സാനിട്ടേഷൻ സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുന്നുണ്ടെന്ന് കെട്ടിട നമ്പർ നൽകുന്നതിനു മുൻപായി സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
8. കെട്ടിട നിർമ്മാണം പൂർത്തിയായ സാഹചര്യത്തിൽ കെട്ടിടം ആവശ്യമായ ഫീസ് ഒടുക്കി ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ കെട്ടിട നമ്പർ നൽകുന്നതിനു മുമ്പായി സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.
9. സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ്, ഫയർ ഫോഴ്സ് എന്നിവരിൽനിന്നുള്ള നിരാക്ഷേപ പത്രം ഹാജരാക്കുന്നുണ്ടെന്ന് കെട്ടിട നമ്പർ നൽകുന്നതിനു മുൻപായി സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
10. സമീപത്തുകൂടി ഒഴുകുന്ന പനമരം പുഴയിലേക്ക് യാതൊരു മാലിന്യവും കലരാനുള്ള സാഹചര്യം നിലനിൽക്കുന്നില്ലാ എന്ന് പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
11. ക്രമ വൽക്കരണത്തിന് കെ.പി.ബി.ആർ 2011 അദ്ധ്യായം XXII പ്രകാരം ആവശ്യമായ കോംപൗണ്ടിംഗ് ഫീസ് ഈടാക്കേണ്ടതാണ്.

*ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.*

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 144/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം– ഒരു സൈറ്റ് പ്ലാൻ

ടൗൺ പ്ലാനറുടെ കാര്യാലയം
പിൻ-695 003
തിരുവനന്തപുരം

ജയശ്രീ പി. ആർ.
ടൗൺ പ്ലാനർ

സെക്രട്ടറി,
വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്
വയനാട് ജില്ല –670731

പകർപ്പ്:-

1. ശ്രീ. സന്തോഷ്.കെ, ചൈത്രം ഹൗസ്, കുഴിച്ചിൽ, പറശ്ശിനിക്കടവ് .പി.ഒ, കണ്ണൂർ
2. ടൗൺ പ്ലാനർ, വയനാട്.
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം